## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2340** | **12.02.2020** - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. ഭരണ സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. ഭരണ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ചെക്ക്പോസ്റ്റുകൾ നിർത്തലാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുവാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തിപ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റേക്കഗ്നേഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു.<br><br>വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ യഥാസമയം സ്കൂട്ടിനിക്ക് വിധേയമാക്കുന്നു. GSTR1, GSTR3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ബിൽ ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ |

| | | | |
|---|---|---|---|
| | | | എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ IIITMK എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>വിവിധ മേഖലയിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായത്; വിശദമാക്കുമോ; | (ബി) | വാളയാറിൽ ANPR സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഇത് വിജയകരമായതിനാൽ മറ്റ് 23 അതിർത്തി പ്രദേശങ്ങളിൽ കൂടി സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടിക്രമം പൂർത്തിയാവുകയും, താമസംവിനാ അവ സ്ഥാപിക്കുന്നതുമാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ സംസ്ഥാനത്തിനകത്തേക്കു വരുന്ന ചരക്കുകളുടെ നിരീക്ഷണം അനിവാര്യമാണ്. ANPR സംവിധാനത്തിലൂടെ ചരക്ക് വാഹനങ്ങളുടെ നമ്പർ ഈ-വേ ബിൽ വിവരങ്ങളുമായി പരിശോധിച്ച് ചരക്കുനീക്കത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നു. കൂടാതെ സംശയാസ്പദമായ ചരക്ക് വാഹനങ്ങൾ വിശദമായ പരിശോധനയ്ക്കായി ഇന്റലിജൻസ് വിഭാഗത്തിന് തത്സമയം അറിയിപ്പ് നൽകുക വഴി നികുതി വെട്ടിപ്പ് തടയാനാകും. ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള വാഹനങ്ങൾ വീണ്ടും ചരക്കുകളുമായി വരികയാണെങ്കിലും ഇന്റലിജൻസ് വിഭാഗത്തിന് തത്സമയം അറിയിപ്പ് ലഭിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി.എൻ പോർട്ടലിൽ ഇ-വേ ബിൽ ഡേറ്റ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ? | (സി) | വകുപ്പിന്റെ നിരന്തരമായ ആവശ്യം പരിഗണിച്ച് ഈ-വേ ബിൽ വിവരങ്ങൾ യഥാസമയം കൈമാറുന്നതിന് GSTN അടുത്തകാലത്തായി അനുവദിച്ചിട്ടുണ്ട്. ഇത് ANPR സംവിധാനം വഴിയുള്ള പരിശോധന കാര്യക്ഷമമാക്കും. |

**സെക്ഷൻ ഓഫീസർ**